**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 512**

**7/1/2014-ൽ മറുപടിയ്ക്ക്**

## ഖാദി ഉത്പാദന വിപണന രംഗത്തെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എ.റ്റി. ജോർജ്ജ്**<br>**ശ്രീ. വി.റ്റി. ബൽറാം** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഖാദി ഉത്പാദന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്; | (എ) | ഖാദി ഉത്പാദന വിപണന രംഗത്ത് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഖാദി ഉൽപ്പന്നങ്ങളുടെ വില്പനയിൽ നിന്നുള്ള വരുമാനമായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഖാദി ബോർഡിന്റെയും ഖാദി ബോർഡ് ധനസഹായം ചെയ്ത സ്ഥാപനങ്ങളുടേയും ഖാദി ഉല്പന്നങ്ങളുടെ വില്പന വിവരം വർഷം തിരിച്ച് താഴെക്കൊടുത്തിരിയ്ക്കുന്നു.<br><br>2011-12 – 33.47 കോടി രൂപ<br>2012-13 - 38.22 കോടി രൂപ |
| (സി) | എത്ര ശതമാനം വർദ്ധനയാണ് വിപണനരംഗത്ത് ഉണ്ടായത്; വിശദമാക്കുമോ; | (സി) | 2011-12 വർഷം 14.58% വർദ്ധനവും 2012-13 വർഷം 14.19% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഈ നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ചോദ്യം 'എ' യിലെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം C

## ഈ സർക്കാരിന്റെ കാലത്ത് ഖാദി ഉൽപ്പാദന വിപണന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ താഴെക്കൊടുക്കുന്നു.

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 % റിബേറ്റും ഇതിന് പുറമെ ഉൽസവകാലങ്ങളിൽ 10 % അധിക റിബേറ്റും നൽകുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം സ്കൂൾ യൂണിഫോം ഖാദി/കൈത്തറി ആക്കണമെന്നും, സർക്കാർ ജീവനക്കാർ ഖാദി/കൈത്തറി ധരിക്കണമെന്നും നിർദ്ദേശിച്ചു. അതുവഴി ഖാദി വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

2. ഖാദി തൊഴിലാളികൾക്ക് നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് തൊഴിലാളികൾ ഉപയോഗിക്കുന്ന ഓരോ കഴി നൂലിനും 90 പൈസയും ഉൽപാദന ഇൻസെന്റീവ് ആയി നൽകിവരുന്നുണ്ട്. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു. കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി നൽകുന്നതിനും റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചു.

3. ഖാദിസഹകരണ സംഘങ്ങളേയും മറ്റു ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിന് സർക്കാർ ബജറ്റിൽ തുക വകയിരുത്തിവരുന്നു. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഖാദിസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2010-11 വർഷം 25 ലക്ഷം രൂപയും 2011-12 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപയും 2012-13 വർഷം 6 ലക്ഷം രൂപയും 2013-14 വർഷം 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റുസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 2010-11 വർഷം 25 ലക്ഷം രൂപയും 2011-12 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപയും 2012-13 വർഷം 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4. ഖാദി വ്യവസായത്തെ കൂടുതൽ ഉല്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി 2012-13 ൽ ഖാദി ക്ലസ്റ്ററുകൾ സ്ഥാപിച്ചു.

5. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൌണുകളും കംപ്യൂട്ടർവത്ക്കരിക്കുവാൻ കഴിഞ്ഞു

6. ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി പുതിയവ സ്ഥാപിക്കുക, പുതിയ വർക്ക് ഷെഡുകൾ നിർമ്മിക്കുക, തൊഴിൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തുക,നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

7. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. മുടക്കം കൂടാതെയും സാമ്പത്തികമായി ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പ് സമയത്ത് തന്നെ മൊത്തമായി ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

8. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി തൊഴിൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

(PTO)

9. ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനീക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ് ഷീറ്റുകൾ തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്ക വിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്.

10. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിന് വേണ്ടി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി വരുന്നു. 2010-11 വർഷം ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം സർക്കാർ 10 കോടി രൂപയും 2011-12 വർഷം 14.68 കോടി രൂപയും 2012-13 ൽ 20 കോടി രൂപയും അനുവദിച്ചിരുന്നു. ഈ തുക തൊഴിലാളികൾക്ക് വിതരണം ചെയ്തു. 2013-14 വർഷം ഇതിനു വേണ്ടി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

11. ഖാദി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായും ഈ മേഖല ആധുനീകവത്ക്കരിക്കുന്നതിന്റെ ഭാഗമായും കേരള സർക്കാർ നിയോഗിച്ച ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷ പദ്ധതിയായി 120 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആദ്യ വർഷത്തേക്കായി സമർപ്പിച്ച 29.46 കോടി രൂപയുടെ പ്രൊപ്പോസലിൽ ആദ്യഗഡുവായി 96 ലക്ഷം രൂപ സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

Omadevi

സെക്ഷൻ ഓഫീസർ